**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1154

02.03.2017-ൽ മറുപടിയ്ക്ക്

## മാവേലിക്കര കണ്ടിയൂർ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാജേഷ് | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര കണ്ടിയൂർ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നാളിതു വരെ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) മാവേലിക്കര കണ്ടിയൂർ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി രണ്ട് കോടി രൂപയുടെ ഭരണാനുമതിയും, 2.30 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിച്ചെങ്കിലും കരാറുകാർ ആരും തന്നെ പങ്കെടുക്കാതിരുന്നതിനാൽ ക്വട്ടേഷൻ സ്വീകരിക്കുകയും ചെയ്തു. എന്നാൽ ലഭിച്ച ക്വട്ടേഷൻ അധിക നിരക്കിലുള്ളത് ആയതിനാൽ അംഗീകരിച്ചിട്ടില്ല. |
| (ബി) പ്രസ്തുത പ്രവൃത്തി ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) മാവേലിക്കര കണ്ടിയൂർ ബൈപ്പാസിന്റെ നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഏറ്റവും കൂടുതൽ ഗ്രാവൽ ഉപയോഗിച്ചുള്ള നിരത്തൽ ആണ്. കമ്പോള വിലയേക്കാൾ വളരെ കുറഞ്ഞ നിരക്കാണ് ഇതിന് എസ്റ്റിമേറ്റിലുണ്ടായിരുന്നത്. ഇതിന് പരിഹാരം കാണുന്നതിനായി ,വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലും, മണ്ണിന് ദൗർലഭ്യമുള്ള പ്രദേശങ്ങളിലും മണ്ണിന്റെ യഥാർത്ഥ വിലയോടൊപ്പം യഥാർത്ഥ കൺവെയൻസും കൂടി ഉൾപ്പെടുത്തി യുക്തമായ നിരക്ക് നിശ്ചയിച്ച് രണ്ടാഴ്ചയ്ക്കകം സർക്കാരിൽ സമർപ്പിക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു പ്രകാരമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ